**ശ്രദ്ധ ക്ഷണിക്കൽ**

1. കേന്ദ്ര തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിലാക്കുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റ് തുടരുന്ന ജനവിരുദ്ധ നടയങ്ങളുടെ തുടർച്ചയായിട്ടാണ് തൊഴിൽ മേഖലയിൽ 29 നിയമങ്ങൾ റദ്ദ് ചെയ്തത്. 2019, 2020 എന്നീ രണ്ട് വർഷങ്ങളിലായി 4 ലേബർ കോഡുകൾ നിയമമായി. നാല് ലേബർ കോഡുകൾ ഇപ്പോൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലാണ് കേന്ദ്ര ഗവൺമെന്റ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... അംഗങ്ങൾ കൂട്ടം കൂടി നിൽക്കരുത്.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കോർപ്പറേറ്റുകളുടെ താൽപ്പര്യത്തെ മുൻനിർത്തിയാണ് നിയമങ്ങളിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നുവെന്നുള്ളത് നാം പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഈ നാല് കോഡുകൾക്കും ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ കേന്ദ്രഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. തൊഴിൽ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നു. കേന്ദ്രത്തിനും സംസ്ഥാനത്തിനും നിയമമുണ്ടാക്കാം. കോഡിലെ വ്യവസ്ഥകൾ പലതും ഇന്ന് സാർവ്വദേശീയ തലത്തിൽ തൊഴിലാളികൾക്ക് അംഗീകാരം ലഭിക്കുന്ന I.L.O

(International Labour Organization)-ന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് കാണാൻ സാധിക്കും. പാർലമെന്റിന്റെ ഭാഗമായ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാറിന്റെ അഭിപ്രായങ്ങൾ ചോദിച്ചിരുന്നു. നേരത്തെതന്നെ 29 നിയമങ്ങൾ റദ്ദ് ചെയ്തതിനെതിരെ ഈ ലേബർ കോഡിനെതിരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമീപനം കേന്ദ്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റ് ഈ നിയമങ്ങൾക്കെതിരായിട്ടുള്ള നിലപാടാണ് തുടർച്ചയായി സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളത് നമുക്ക് കാണാം. ഇത് റദ്ദ് ചെയ്യുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കണമെന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേന്ദ്രത്തിനുമുമ്പിൽ ഉന്നയിച്ചിട്ടുള്ളത്. ഈ നിയമങ്ങൾ പാസ്സാകുന്ന സമയത്ത് Trade Union സംഘടനകൾ രൂപീകരിച്ച് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യങ്ങളിലേക്കാണ് വരുന്നത്. കൂട്ടായി വിലപേശുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന അവസ്ഥയാണുള്ളത്. ഇന്ത്യയിലെ അസംഘടിത മേഖലയിലെ കോടിക്കണക്കായ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഇപ്പോഴും ലഭ്യമല്ല. ഇതിനുള്ള

അവകാശങ്ങളെല്ലാം നിഷേധിക്കുന്ന നിലയിലേക്കാണ് കാര്യങ്ങളെത്തിച്ചേരുന്നത്. ഇപ്പോൾ നൂറ് ജീവനക്കാർ വരെ ജോലിചെയ്യുന്ന സ്ഥാപനം അടച്ചുപൂട്ടണമെന്നുണ്ടെങ്കിലോ ലേ-ഓഫ് ചെയ്യുകയോ തൊഴിലാളികളെ ഒഴിവാക്കുകയോ ചെയ്യണമെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ മുൻകൂർ അനുവാദം വാങ്ങണം. ഈ വ്യവസ്ഥ ഇല്ലാതാകുകയാണ്. 300 തൊഴിലാളികളെ ഒഴിവാക്കുന്നതിനോ ലേ-ഓഫ് ചെയ്യുന്നതിനോ ഒരുതരത്തിലും ഗവൺമെന്റിന്റെ അനുവാദം വേണ്ടതില്ല. ഉടമകൾക്ക് ഇഷ്ടാനുസരണം ഇക്കാര്യങ്ങൾ നിർവ്വഹിക്കാമെന്നുള്ള നിലപാടാണ് ഈ നിയമത്തിന്റെ ഭാഗമായി വന്നുചേരുന്നത്. ജോലിസമയം സാർവ്വ ദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. മേയ് ദിന പോരാട്ടത്തിന്റെ അടിസ്ഥാനം എട്ട് മണിക്കൂർ ജോലിയെന്നുള്ളതാണ്. അതൊക്കെ ഇന്ന് സാർവ്വത്രികമായി തൊഴിലാളികൾ അംഗീകരിച്ചിട്ടുണ്ട്. തൊഴിൽസമയം കുറച്ചുകൊണ്ടുവരുന്ന ആധുനിക യുഗത്തിൽ, അത്തരം നിലപാടുകളെ സ്വീകരിക്കേണ്ടതിനുപകരം തൊഴിൽസമയം പന്ത്രണ്ട് മണിക്കൂറാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

വ്യവസായങ്ങളുടെ നിലനിൽപ്പും ഉല്പാദനക്ഷമതയും തൊഴിലാളികളുടെകൂടി ഭാഗമാണ്. അവരുടെ അവകാശവും താല്പര്യവുമാണെന്നുള്ളതുകൂടി പരിഗണിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. ഈ ഉത്തരവാദിത്തം നിറവേറ്റണമെങ്കിൽ സമാധാനപരമായ തൊഴിൽ അന്തരീക്ഷം നമ്മുടെ നാട്ടിൽ നിലനിർത്തേണ്ടതുണ്ട്. ഇന്ന് കേരളത്തിൽ 87 മേഖലകളിൽ മിനിമം വേജ് അനുവദനീയമാണ്. ഇതിനുള്ള അവകാശങ്ങളെല്ലാം എടുത്ത് മാറ്റുന്ന നിലയിലേയ്ക്കാണ് കാര്യങ്ങളെത്തുന്നത്. അൺ സ്കിൽഡ്, സെമി സ്കിൽഡ്, സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നീങ്ങനെ നാല് മേഖലകളായി തിരിച്ച് കൂലിവ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള നിലപാടിലേയ്ക്കാണ് പോകുന്നത്. ഇവിടെ അനുവദനീയമായ 87 മേഖലകളിലെ മിനിമം കൂലിയുടെ അവകാശംപോലുമില്ലാതാകുന്ന സാഹചര്യത്തിൽ കേരളത്തിലെ തൊഴിലാളികൾക്ക് ആശ്വാസമായി നിൽക്കുന്നത്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. കേന്ദ്ര നിയമത്തിന്റെ ഭാഗമായി ഈ പ്രയാസകരമായ

സ്ഥിതിയിൽനിന്ന് കേരളത്തിലെ തൊഴിലാളികളെ രക്ഷിക്കുന്നതിന് കേരള ഗവൺമെന്റ് ഇടപെടേണ്ടതുണ്ട്. ഈ നിയമങ്ങളിൽ ചട്ടങ്ങൾ രൂപപ്പെടുത്തുന്ന സമയത്ത് തൊഴിലാളികൾക്ക് പരമാവധി സംരക്ഷണം ലഭിക്കത്തക്ക നിലയിലുള്ള നിലപാടുകളാണ് സ്വീകരിക്കേണ്ടത്. ഈ പ്രശ്നങ്ങളാണ് സംസ്ഥാന ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയ്ക്കുവേണ്ടി എനിക്ക് അവതരിപ്പിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മുൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. രണ്ടാം ദേശീയ തൊഴിൽ കമ്മിഷൻ കേന്ദ്ര തൊഴിൽ നിയമങ്ങളെ ക്രോഡീകരിക്കുവാൻ ശിപാർശ നൽകുകയും തുടർന്ന്, കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ നാലായി ക്രോഡീകരിക്കുകയും ചെയ്തു. Code on wages 2019, Industrial Relations Code 2020, Occupational Safety, Health and Working Conditions Code 2020, Social security code 2020 എന്നിങ്ങനെയാണ്. മേൽസൂചിപ്പിച്ച കോഡുകൾ പാർലമെന്റിൽ അവതരിപ്പിക്കുകയും നാല് നിയമങ്ങളും പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ച് വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ കോഡുകൾ പ്രാബല്യത്തിൽ വന്നിട്ടില്ല. ഇതിനായി കേന്ദ്ര സർക്കാർ പ്രത്യേക വിജ്ഞാപനം ഇറക്കുന്നതായിരിക്കുമെന്ന് പ്രസ്തുത കോഡുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 2022 ജൂലൈ മാസത്തിൽ പ്രസ്തുത കോഡുകൾ നിലവിൽവരുമെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ഔദ്യോഗിക അറിയിപ്പുകളൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ല. കോഡുകളുടെ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ ആരായുകയും നേരിട്ട് ആറ് തവണ സംസ്ഥാന ലേബർ സെക്രട്ടറിയുടെ നേതൃത്വത്തിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ പ്രസ്തുത കോഡുകൾക്ക് മേൽ ചട്ടം രൂപീകരിക്കുവാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന്, സംസ്ഥാന സർക്കാർ പ്രസ്തുത കരട് ചട്ടം രൂപീകരിക്കുവാൻ സംസ്ഥാന തൊഴിൽ വകുപ്പിനെ ഏൽപ്പിക്കുകയുണ്ടായി. തുടർന്ന് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ നിലവിലുള്ള അവകാശങ്ങൾ പരമാവധി സംരക്ഷിക്കുവാൻ ശ്രമിച്ചുകൊണ്ടും കോഡുകൾക്ക് വിരുദ്ധമാകാതെയും കരട്

ചട്ടം തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ വിവിധ പരിശോധനകൾക്കുശേഷം നിയമവകുപ്പിന് കരട് ചട്ടങ്ങൾ സമർപ്പിക്കുകയും നിയമ വകുപ്പ് പ്രസ്തുത നാല് കരട് ചട്ടങ്ങളും വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. ചട്ടങ്ങളുടെ കരടിന്മേൽ പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നതിന് 2022 മേയ് 31 വരെ സമയം അനുവദിച്ചിട്ടുണ്ടായിരുന്നു. ചട്ടങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ ട്രേഡ് യൂണിയനുകൾ, തൊഴിലുടമ സംഘടനകൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. തൊഴിലെന്നത് ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലുൾപ്പെട്ട വിഷയമായതിനാൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഈ വിഷയത്തിൽ നിയമങ്ങൾ നിർമ്മിക്കാൻ അധികാരമുണ്ടെന്ന് നമുക്കറിയാം. കേന്ദ്ര നിയമമായതുകൊണ്ടുതന്നെ സംസ്ഥാന ചട്ടങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പരിമിതിയുണ്ട്. എങ്കിലും ആ പരിമിതിക്കുള്ളിൽ നിന്ന് തൊഴിൽ സുരക്ഷയും തൊഴിലാളി താൽപ്പര്യവും സംരക്ഷിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. അന്തർദേശീയ തൊഴിൽ സംഘടനയിൽ ഇൻഡ്യ അംഗമാണെന്ന് നമുക്കറിയാം. ഐ.എൽ.ഒ. പ്രമാണങ്ങൾ പലതും ഇതിനകം

നമ്മുടെ രാജ്യം അംഗീകരിക്കുകയും അതിനനുസൃതമായി നിരവധി നിയമങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിയൊമ്പത് തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ച് പാർലമെന്റ് പാസ്സാക്കിയ നാല് തൊഴിൽ കോഡുകളിന്മേലുള്ള ചില വ്യവസ്ഥകൾ അന്തർദേശീയ തൊഴിൽ സംഘടന അംഗീകരിച്ച പ്രമാണങ്ങൾക്ക് നിരക്കാത്തതാണ്. നമ്മുടെ സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിനോടൊപ്പം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നയം. എന്നാൽ, നിലവിലുള്ള തൊഴിലാളികളുടെ ന്യായമായ ചില അവകാശങ്ങൾ ലംഘിക്കപ്പെടുന്ന രീതിയിലാണ് ലേബർ കോഡുകൾ നിർമ്മിക്കുന്നതെന്നത് വ്യക്തമാണ്. ലേബർ കോഡുകളുടെ പരിശോധനാ വേളയിൽ പാർലമെന്റിന്റെ ലേബർ സ്റ്റാൻഡിംഗ് കമ്മിറ്റി കേരള സർക്കാരിന്റെ അഭിപ്രായങ്ങൾ ചോദിച്ചിരുന്നു. തൊഴിലാളി താൽപ്പര്യം സംരക്ഷിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. പാർലമെന്റ് പാസ്സാക്കിയ ലേബർ കോഡുകളുടെ വ്യവസ്ഥകളിൽ തൊഴിലാളികൾക്ക് ട്രേഡ് യൂണിയൻ രൂപീകരിക്കുവാനും കൂട്ടായ വിലപേശൽ നടത്താനുമുള്ള അവകാശങ്ങൾ ഹനിക്കുന്നു എന്ന

സ്ഥിതിയുണ്ടായിട്ടുണ്ട്. അസംഘടിത മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഏർപ്പെടുത്തുന്നതും ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനുള്ള അവകാശങ്ങൾ പരിമിതപ്പെടുമെന്നത് സംബന്ധിച്ചും ആശങ്ക നിലനിൽക്കുന്നുണ്ട്. നൂറ് പേർവരെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ പിരിച്ചുവിടാനോ ലേ ഓഫ് ചെയ്യാനോ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾ, തർക്കനിയമമനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വേണമായിരുന്നു. എന്നാൽ പുതിയ കോഡുകൾ നിലവിൽ വരുമ്പോൾ 300 പേർ വരെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ പിരിച്ചുവിടാനോ ലേ ഓഫ് ചെയ്യാനോ സർക്കാരിന്റെ മുൻകൂർ അനുമതി വേണ്ടെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിലെ നിയമമനുസരിച്ച് തൊഴിലാളികളെ പിരിച്ചുവിടുന്നതിന് 30 - 90 ദിവസം മുമ്പ് നോട്ടീസ് നൽകണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ പുതിയ തൊഴിൽ കോഡുകൾ പരിശോധിച്ചപ്പോൾ ഇക്കാര്യത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് കാണാം. 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്ന് രാജ്യാന്തരതലത്തിൽ അംഗീകരിച്ച രീതിയാണ് ഇൻഡ്യയിൽ ഇതുവരെ തുടർന്നുപോന്നിട്ടുള്ളത്. എന്നാൽ ഇതിന്

കടകവിരുദ്ധമായാണ് ജോലിസമയം 12 മണിക്കൂർ വരെയാക്കി ഉയർത്താനുള്ള വ്യവസ്ഥ കോഡിലുൾപ്പെടുത്തിയിട്ടുള്ളത്. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ ചവിട്ടി മെതിച്ചുകൊണ്ട് തൊഴിൽസമാധാനം സൃഷ്ടിക്കാനാവില്ല. അതേസമയം വ്യവസായങ്ങളുടെ നിലനിൽപ്പും ഉൽപ്പാദന ക്ഷമതയും തങ്ങളുടെകൂടി താൽപ്പര്യമാണെന്ന് തൊഴിലാളികൾക്കുകൂടി മനസ്സിലാക്കി അത്തരത്തിൽ നല്ലൊരു തൊഴിലാളി-തൊഴിലുടമ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചാൽ മാത്രമേ ഏതൊരു രാജ്യത്തും വികസനം സാധ്യമാകുകയുള്ളൂ. തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും നല്ല തൊഴിൽ സാഹചര്യങ്ങളും ഒരുക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ തൊഴിൽ കോഡുകളുടെ തൊഴിലാളി വിരുദ്ധമായ വ്യവസ്ഥകൾ പരമാവധി ലഘൂകരിക്കുന്നതിന് സംസ്ഥാന ചട്ടങ്ങളിൽ ആവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്. സംസ്ഥാന ചട്ടങ്ങൾ കൊണ്ടുവരുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ തൊഴിലാളി/തൊഴിലുടമ പ്രതിനിധികളുടെയും തൊഴിൽ നിയമ വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുന്നതിനായി

തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റും സംസ്ഥാന തൊഴിൽ വകുപ്പും വെവ്വേറെ ശിൽപ്പശാലകൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമുൾപ്പെടുത്തി നിയമപരിധിയിൽ നിന്നുകൊണ്ട് സംസ്ഥാന ചട്ടങ്ങളിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരുന്നതിന് ശ്രമിക്കുന്നതാണെന്ന് ഈ അവസരത്തിൽ അറിയിക്കുന്നു. കൂടാതെ, ഓരോ കോഡുകളെയും സമഗ്രമായി അപഗ്രഥിക്കുന്നതിനായി സംസ്ഥാനത്തെ തൊഴിലാളി/തൊഴിലുടമ പ്രതിനിധികളുടെയും തൊഴിൽ നിയമ വിദഗ്ദ്ധരുടെയും പ്രത്യേക യോഗങ്ങൾ ചേരുന്നതിനാവശ്യമായ നിർദ്ദേശം തൊഴിൽ വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. സംതൃപ്തരായ തൊഴിലാളികളുണ്ടെങ്കിൽ മാത്രമേ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിർത്താൻ കഴിയുകയുള്ളൂ. അതോടൊപ്പം, തൊഴിലുടമകളുടെ ന്യായമായ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിർത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ

നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തൊഴിൽ കോഡുകൾ സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലേബർ കോഡിന്റെ പ്രശ്നത്തിൽ കേരള സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന് കേരളത്തിലെ മുഴുവൻ തൊഴിലാളികളുടെയും പിന്തുണ ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. 87 മേഖലകളിൽ മിനിമം വേജ് ഡിക്ലയർ ചെയ്യുകയും പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ തൊഴിലാളികൾക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ബോണസ്, ബോണസ് ആക്റ്റിന്റെ പരിധി കണക്കാക്കാതെതന്നെ തൊഴിലാളികൾക്ക് ബോണസ് ലഭിക്കുന്നൊരു സംസ്ഥാനമാണ് കേരളം. തൊഴിലാളിയുടെ മിനിമം കൂലിയും ബോണസും സംരക്ഷിക്കുന്നതിനാവശ്യമായ ഉറപ്പായ നിലപാട് സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇന്ന് കേരളത്തിലെ തൊഴിലാളികളെ സംബന്ധിച്ച് അവരുടെ ബോണസ്, മിനിമം വേതനം പോലുള്ള നിരവധി

ആനുകൂല്യങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. പുതിയ നാല് ലേബർ കോഡുകൾ വന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ റദ്ദാക്കാൻ കേരള സർക്കാർ ഉദ്ദേശിച്ചിട്ടില്ല. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിലപാട് തന്നെയായിരിക്കും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിലും തൊഴിലാളി വിരുദ്ധ നിലപാടിനോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ലെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

## 2. <u>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ സന്തോഷത്തിൽ കൂട്ടുകാരികൾക്കൊപ്പം ഒരു കൂൾബാറിൽനിന്നും ഷവർമ വാങ്ങിക്കഴിച്ചതിനുശേഷം ഭക്ഷ്യവിഷബാധയേറ്റ് കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ പതിനാറുകാരി ദേവനന്ദ മരണപ്പെട്ട വാർത്ത അങ്ങേയറ്റം വേദനയോടുകൂടിയാണ് നമ്മളെല്ലാവരും കേട്ടത്. സമാനസംഭവം ഏതാനും വർഷങ്ങൾക്കുമുൻപ് തിരുവനന്തപുരത്തും നടക്കുകയുണ്ടായി. ഇതൊരു

ഒറ്റപ്പെട്ട സംഭവമല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ സ്കൂളുകളിലും ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ആരംഭിക്കുന്ന സമയത്ത് നിരവധി കുട്ടികൾ ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലായത് നമ്മളൊക്കെ പത്രങ്ങളിൽ വായിച്ചതാണ്. കൊച്ചുകുട്ടികൾ പഠിക്കുന്ന അങ്കണവാടികളിൽപോലും ഇന്ന് ഭക്ഷ്യവിഷബാധയുണ്ടാകുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കൂടുതൽ ഭക്ഷ്യവസ്തുക്കളെത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പഴം, പച്ചക്കറി, മാംസം, മത്സ്യം തുടങ്ങിയ ഉൽപ്പന്നങ്ങളാണ് ഇതിൽ പ്രധാനം. ഇതിലൊക്കെ മാരകമായ വിഷാംശമുണ്ടെന്ന വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനും അത് തടയുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പിന് കാര്യമായ ഇടപെടലുകൾ നടത്താൻ കഴിയുന്നില്ലയെന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന ഭക്ഷണ ഉൽപ്പന്നങ്ങളിൽ മായം ചേർക്കുന്നതിലെ പ്രധാനപ്പെട്ടകാര്യം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വലിയ വീഴ്ചയാണെന്ന് എല്ലാവരും ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യവിഷബാധയേറ്റ് മരണം

സംഭവിക്കുമ്പോൾ മാത്രമാണ് ഭക്ഷ്യ സുരക്ഷാ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവിഭാഗവും ഉണർന്നുപ്രവർത്തിക്കുന്നത്. സ്വാഭാവികമായും ഇത്തരം വാർത്തകൾ വരുമ്പോൾ വളരെ വലിയ തോതിലുള്ള ഇടപെടലുണ്ടാകും, സെർച്ച് നടക്കും. പക്ഷെ, അതിന്റെ ആയുസ്സ് രണ്ടോ മൂന്നോ മാസക്കാലം മാത്രമാണ്. അതോടുകൂടി അവസാനിക്കുന്നു. മറ്റൊരു മരണമോ ദുരന്തമോ ഉണ്ടാകുന്നതുവരെ കാത്തിരിക്കേണ്ട സ്ഥിതിയാണ് ഇന്ന് നമുക്കുള്ളത്. ഗുണനിലവാരമുള്ള ഭക്ഷണങ്ങൾ ഇന്ന് റെസ്റ്റോറന്റുകളിലോ, ഹോട്ടലുകളിലോ, കൂൾ ബാറുകളിലോ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും അതുപോലെ ഭക്ഷ്യ സുരക്ഷാ വകുപ്പിനുമുണ്ട്. ആരോഗ്യമേഖലയിൽ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെ സൗകര്യം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. പക്ഷേ, ഇവിടേയ്ക്ക് വരുന്ന രോഗികളിൽ ഭൂരിഭാഗവും ഫാസ്റ്റ് ഫുഡും അതുപോലെ വിഷാംശം കലർന്ന ഭക്ഷണം കഴിച്ച് വരുന്നവരാണ്. കാൻസർ രോഗത്തിനുപോലും കാരണമാകുന്നത് ഇത്തരം ഭക്ഷണരീതിയാണെന്ന് പറയുന്നു. അതുകൊണ്ട് ഇതൊക്കെ തടയുന്നതിന്

ശക്തമായ നടപടികൾ ഉണ്ടാവുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത്തരം കാര്യങ്ങൾ ഏറ്റെടുക്കുന്നതിൽ വലിയ വീഴ്ച ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായി എന്ന് റിപ്പോർട്ട് ചെയ്തത് സി.എ.ജി. ആണ്. നമ്മളെ അമ്പരിപ്പിക്കുന്ന കാര്യങ്ങളാണ് സി.എ.ജി. റിപ്പോർട്ടിലുള്ളത്. അഞ്ചുവർഷത്തിൽ ഒരിക്കൽപ്പോലും ഒരു സ്ഥാപനത്തിൽ പോലും സന്ദർശനം നടത്താത്ത, പരിശോധന നടത്താത്ത സാഹചര്യമാണ് കേരളത്തിലുള്ളതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അതുപോലെ വളരെയധികം കാര്യങ്ങളുണ്ട്. ഒട്ടനവധി കാര്യങ്ങളുണ്ട്. കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് നൽകുന്ന പോഷകാഹാരങ്ങളിൽപോലും ഗുണനിലവാര പരിശോധന നടത്തുന്നതിന് വലിയ വീഴ്ചയാണ് ഈ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്നാണ് പറയുന്നത്. പൂർണ്ണമായും അവരെ കുറ്റപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ട്. കാരണം ജീവനക്കാരുടെ അപര്യാപ്തതയെന്നു പറയുന്നത് വളരെ വലുതാണ്. ഇന്ന് നിലവിൽ ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് 3 ലാബുകളാണുള്ളത്. ഈ മൂന്നുലാബിലുംകൂടി മൂന്നുകോടിയിലധികം വരുന്ന ജനങ്ങൾക്ക്, ഒരു കോടിക്ക് ഒരു ലാബ് എന്ന

രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നത്. അതോടൊപ്പം ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥനാണുള്ളത്. എത്രമാത്രം സ്ഥാപനങ്ങളാണുള്ളത്. അവർക്ക് സഞ്ചരിക്കാനുള്ള വാഹനങ്ങളില്ല. മൂന്ന് നിയോജകമണ്ഡലങ്ങൾക്ക് ഒരു വാഹനം, അതും വാടകയ്ക്കെടുക്കുന്ന വാഹനമാണ്. ഇതിലെല്ലാം വലിയ രീതിയിലുള്ള വീഴ്ച വരുന്നു. ഇവിടെ നിയമനങ്ങൾ നടത്തുന്ന കാര്യത്തിൽ അനാസ്ഥ കാണിക്കുന്നു. 39 സർക്കിളാണുള്ളത്. അതിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഇത് വളരെ ഗൗരവത്തോടെ കണേണ്ടൊരു കാര്യമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തണം. അതിനനുസരിച്ച് ഉദ്യോഗസ്ഥരെ നിയമിക്കണം. ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുണ്ടെങ്കിൽ ഉടൻ നിയമനം നടത്തണം. അത്തരം കാര്യങ്ങളിലുള്ള വീഴ്ച ഇന്ന് കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെയാണ് ബാധിക്കുന്നത്. ദേവനന്ദമാർ ഇനി ഉണ്ടാകാതിരിക്കണമെങ്കിൽ ഭക്ഷ്യ സുരക്ഷാ രംഗത്ത് ശക്തമായ ഇടപെടലുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, രോഗം വന്നാൽ ഏറ്റവും മികച്ച ചികിത്സ ലഭ്യമാകുന്നതിനും ലഭ്യമാക്കുന്നതിനും നമെല്ലാവരും പ്രാധാന്യം നൽകുന്നവരാണ്. എന്നാൽ രോഗം വരാതെയിരിക്കാൻ അതിലും പ്രാധാന്യം നൽകേണ്ടതായിട്ടുണ്ടെന്ന് നമ്മിൽ പലരും മറന്നുപോകുന്നു. നമ്മുടെ ലക്ഷ്യം രോഗങ്ങൾ വരാതെ നോക്കുകയെന്നതാണ്. സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം രോഗങ്ങൾക്കെതിരെ ജനങ്ങൾക്ക് നല്ല രോഗപ്രതിരോധശേഷിയുണ്ടാവുക, അതിനുള്ള സാഹചര്യമുണ്ടാക്കുകയെന്നതാണ്. ഇതിലേറ്റവും പ്രധാനമാണ് ശുദ്ധമായ ആഹാരം. ഭക്ഷണത്തിൽ മായം കലർത്തുന്നത് ക്രിമിനൽ കുറ്റമാണ്. ആഹാരത്തിൽ മായം കലർത്തുന്നവർക്കെതിരെയും വൃത്തിരഹിതമായി ഭക്ഷണം പാകം ചെയ്യുന്നവർക്കെതിരെയും വിളമ്പുന്നവർക്കെതിരെയും ഭക്ഷ്യ സുരക്ഷാ വകുപ്പ് വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിക്കുകയാണ്. അത് കർശനമായി തുടരുകയും ചെയ്യും. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് ഇക്കാലഘട്ടത്തിൽ വകുപ്പ്

നടത്തിവരുന്നത്. സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമേ ഉത്സവസീസണുകളിലും വിശേഷാവസരങ്ങളിലും മഴക്കാലം,വേനൽക്കാലം തുടങ്ങി പകർച്ചവ്യാധി വ്യാപന സാദ്ധ്യതയുള്ള സന്ദർഭങ്ങളിലും ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകൾ വകുപ്പ് നടത്തിവരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ, അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉല്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന ഫുഡ് സേഫ്റ്റി ട്രെയിനിംഗ് സർട്ടിഫിക്കേഷൻ കോവിഡ് പശ്ചാത്തലത്തിലും ക്ലാസുകൾ നൽകി നടത്തിവരുന്നതിനും രണ്ടായിരത്തിലധികം സർട്ടിഫിക്കറ്റുകൾ ഈ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'Safe and Nutritious food at Shool' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ

ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യ സുരക്ഷാ ലൈസൻസ് രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച അവബോധം വളർത്തുന്നതിനും നടപ്പിലാക്കുകയാണ്. കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം 6 ജില്ലകൾക്കാണ് പുതുതായി മൊബൈൽ ഭക്ഷ്യ പരിശോധനാ ലാബുകൾ അനുവദിച്ചത്. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. പൊതുജനങ്ങളിൽനിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ എന്നിവ ഈ മൊബൈൽ ലാബുകളിൽ വേഗത്തിൽ പരിശോധിക്കാൻ സാധിക്കും. ഓരോ ജില്ലയിലെയും പലപ്രദേശങ്ങളിൽ ഈ ലാബുകളുടെ സേവനം ലഭ്യമാക്കാനും കഴിയും. കൂടാതെ ഐ.ഇ.സി. (Information, Education and Communication) പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ഈ ലാബുകൾ ഉപയോഗിച്ചുവരുന്നു. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര

നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ് അഥവാ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. ലൈസൻസോ രജിസ്ട്രേഷനോ എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നോട്ടീസ് നൽകിയ ശേഷം പിഴ ചുമത്തുകയോ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ട്. ലൈസൻസ് നേടുന്നതുവരെ സ്ഥാപനങ്ങളുടെ പ്രവർത്തനം തടയുന്ന നടപടികളും സ്വീകരിച്ചുവരുന്നു. ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നേടുന്നതിന് വകുപ്പ് മുഖേന പ്രത്യേകം മേളകളും സംഘടിപ്പിക്കുന്നുണ്ട്. ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 140385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതമായ വീഴ്ച വരുത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ക്യാമ്പയിൻ ജനകീയ പങ്കാളിത്തത്തോടുകൂടി

ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'ഓപ്പറേഷൻ മത്സ്യ, ഓപ്പറേഷൻ ജാഗ്രത' തുടങ്ങിയ പ്രത്യേക പരിശോധന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2022 ഏപ്രിൽ മാസത്തിലാണ് ഈ ക്യാമ്പയിൻ ആരംഭിച്ചത്. കാസർഗോഡ് പത്താം ക്ലാസ് വിദ്യാർത്ഥിനി ഷവർമ കഴിച്ച് മരിച്ച ദൗർഭാഗ്യകരമായ സംഭവമുണ്ടായിട്ടുള്ളത് 2022 മേയ് മാസത്തിലാണ്. പത്ത് വർഷംമുമ്പും സമാനമായൊരു സംഭവമുണ്ടായിരുന്നു. ഈ രണ്ട് സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ ഭക്ഷ്യവിഷബാധ പെട്ടെന്നുണ്ടാകാവുന്ന ഒരു ഭക്ഷ്യവസ്തു എന്നനിലയിൽ ഷവർമ പാചകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും ചില മാനദണ്ഡങ്ങളുണ്ടാകണമെന്ന് വകുപ്പ് കാണുകയും ഇതിന്റെയടിസ്ഥാനത്തിൽ അവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തുന്ന മത്സ്യം, മാംസം എന്നിവയുടെ പരിശോധനയും ശക്തമാക്കിയിട്ടുണ്ട്. ചെക്കുപോസ്റ്റുകൾവഴി സംസ്ഥാനത്തേയ്ക്കെത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങളും രഹസ്യ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. 2022

ഏപ്രിൽ മുതൽ ജൂൺ വരെ ആറായിരത്തോളം പരിശോധനകൾ നടത്തുകയും 2961 സർവയലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 139 വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്കെതിരെ നോട്ടീസ് നൽകുകയും 28492 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഷവർമ വിൽക്കുന്ന കടകളിൽ ഈ കാലഘട്ടത്തിൽ 5976 പരിശോധനകളും ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 225 സ്ഥാപനങ്ങൾ കണ്ടെത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന 168 സ്ഥാപനങ്ങളുടെ പ്രവർത്തനം താല്ക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കാം.+ ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, ഹൈജീൻ റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഭക്ഷണശാലകളെ വേർതിരിച്ചിട്ടുണ്ട്. 527 ഭക്ഷണശാലകൾ ജില്ലാടിസ്ഥാനത്തിൽ റേറ്റ് ചെയ്തിട്ടുണ്ട്. ഇത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ റേറ്റിംഗിൽപ്പെടാത്ത ഭക്ഷണശാലകൾ ഈ ഗുണനിലവാരത്തിൽപ്പെടുന്നില്ല എന്നുള്ളതാണ് ഇതിന്റെ അർത്ഥം. ഇതിന്റെ ഭാഗമായി ദീർഘമായ മറുപടിയുണ്ട്. ഞാനത് മേശപ്പുറത്തുവയ്ക്കുന്നു.+

---

\+ മറുപടിയുടെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

\+

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അംഗൻവാടികളിലും വിദ്യാലയങ്ങളിലും നൽകുന്ന ഭക്ഷണസാധനങ്ങളും ശബരിമലയിൽ കൊടുക്കുന്ന പ്രസാദവുമൊക്കെ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സി. ആൻഡ് എ.ജി. ഓഡിറ്റിംഗിൽ പറയുന്നുണ്ട്. സി. ആൻഡ് എ.ജി. കണ്ടെത്തുകയും അത് ഗവൺമെന്റിനുമുന്നിൽ സമർപ്പിച്ചിട്ടുള്ളതുമായ ഇത്തരത്തിലുള്ള ഒട്ടനവധി നിർദ്ദേശങ്ങൾ ഏറ്റെടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ശബരിമലയുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള പരിശോധനകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഏറ്റവും ആധുനികരീതിയിലുള്ള ഒരു ഭക്ഷ്യ പരിശോധന ലാബ് നിർമ്മിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. നിർമ്മാണം അടുത്ത ദിവസങ്ങളിൽത്തന്നെ ആരംഭിക്കുകയാണ്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ അനലറ്റിക്കൽ ലാബുകളും കൂടാതെ കണ്ണൂരിലെ കൂത്തുപറമ്പിൽ റീജിയണൽ അനലറ്റിക്കൽ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശാസ്ത്രീയവും ആധുനിക രീതിയിലുള്ളതുമായ ലാബുകൾ സംസ്ഥാനത്ത് വേണമെന്നുള്ളതാണ് നിലപാട്. മൊബൈൽ ലാബുകളുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. അംഗൻവാടികളിലുൾപ്പെടെ ഏറ്റവും ശുദ്ധവും ആരോഗ്യകരവുമായ ഭക്ഷണം നൽകുന്ന എന്നുള്ളതുതന്നെയാണ് ഉറപ്പാക്കുന്നത്. അതിനുവേണ്ടി കാര്യക്ഷമമായ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. പൊതുജനങ്ങളുടെകൂടി പങ്കാളിത്തം ഇതിലുണ്ട്. 18004251125 എന്ന ടോൾ ഫ്രീ നമ്പർ എല്ലാ ഭക്ഷണശാലകളിലും റസ്റ്റോറന്റുകളിലും പ്രദർശിപ്പിക്കണമെന്നുള്ളതാണ്. ഈ നമ്പരിൽ വിളിക്കാം. അതല്ലാതെ ഒരു ഗ്രിവൻസസ് പോർട്ടൽ, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ വെബ്സൈറ്റിൽ പരാതി നേരിട്ട് നൽകുകയും ചെയ്യാം. ബഹുമാനപ്പെട്ട അംഗം നേരത്തെ സർട്ടിഫിക്കേഷന്റെ കാര്യം പറഞ്ഞിരുന്നു. എല്ലാ ഭക്ഷണശാലകളും വർഷത്തിലൊരിക്കൽ പരിശോധിച്ച് ആ സർട്ടിഫിക്കറ്റ് ഭക്ഷണശാലകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്.